A

902

# സമഗ്ര ശിക്ഷാ, കേരളം

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2022-23

ക്ലാസ് : IX

# മലയാളം

## കേരളപാഠാവലി

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം**

**(4 × 1 = 4)**

1. "മുത്താപ്പ എവിടെനിന്നാണ് മുളങ്കൂട്ടത്തിലേക്ക് ഓടിവന്നത്."

   മുളങ്കൂട്ടം എന്ന പദത്തിന്റെ വിഗ്രഹരൂപം ഏത്?
   - മുളകളുടെ കൂട്ടം
   - മുളയും കൂട്ടവും
   - മുള എന്ന കൂട്ടം
   - മുളയാകുന്ന കൂട്ടം

2. "ആ മനസ്സിൽ ആരെയും കൊല്ലാൻ മടിക്കാത്ത ഇരുട്ട് ഉണ്ടായിരുന്നു."

   (ആർഭാടത്തിൽനിന്ന് ലാളിത്യത്തിലേക്ക്)

   ഇവിടെ ഇരുട്ട് എന്ന പദത്തിന് യോജിക്കുന്ന അർഥമേത്?
   - ക്രൂരത
   - കരുത്ത്
   - കാരുണ്യം
   - കറുപ്പ്

3. "തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-

   ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ" (കാളകൾ)

   തന്നിരിക്കുന്ന വരികൾക്ക് സമാനതാളത്തിലുള്ള വരികൾ എടുത്തെഴുതുക.
   - "മാലുള്ളതാണീ മഹിയെന്നുവെച്ചു
     മാഴ്കുന്നതെന്തിന്നു മനുഷ്യരേ! നാം?"
   - " മാഞ്ഞു പുതുമ; വിവാഹിതയാം മുമ്പു
     നീയണിയാറുള്ള ഭംഗികൾക്കൊക്കെയും"
   - "ലോകമേ തറവാടു തനിക്കീ, ച്ചെടികളും
     പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ"
   - "നാനാനിറം ചേരും കാറുകളേ
     ചാരുവർണക്കടലാസുകളേ"

4 "ഇനൻ പൊലിഞ്ഞാലുഡുപംക്തിയെക്കൊ-
ണ്ടിരുട്ടു തൽക്കാലമകറ്റിയീശൻ" (വിശ്വം ദീപമയം)

ഈ വരികൾക്ക് യോജിച്ച ആശയം കണ്ടെത്തി എഴുതുക.

- സൂര്യൻ അസ്തമിച്ചാൽ നക്ഷത്രങ്ങൾ ലോകത്തിന് വെളിച്ചമേകുന്നു.
- രാത്രിയും ഉറക്കവും പ്രഭാതത്തിന് കൂടുതൽ ഉണർവേകുന്നു.
- പ്രത്യാശയില്ലായ്മ എല്ലാറ്റിലും ഒരുപോലെ നിലനിൽക്കുന്നു.
- സൂര്യനും നക്ഷത്രങ്ങൾക്കും വെളിച്ചമുണ്ട്.

5. "അങ്ങനെ അച്ചായൻ മാത്രം ഈ വീടുമായി തനിച്ചങ്ങനെ പോവണ്ട. പോവുമ്പോൾ ഓരോ മുറിയിലും ഞങ്ങളും കയറിനിൽക്കാം." (ജീവിതം ഒരു പ്രാർഥന)

ഈ വാക്കുകളിലെ സൂചന എന്ത്?

- തങ്ങൾക്ക് വീട് നഷ്ടപ്പെടുമെന്ന ഭയം.
- അച്ചായൻ വീട് തനിച്ച് സ്വന്തമാക്കുന്നതിനുള്ള അനിഷ്ടം.
- അച്ചായനോടുള്ള അഗാധമായ സ്നേഹം.
- ആ വീട് അവർക്ക് അത്ര പ്രിയപ്പെട്ടതാണ്.

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

**2 സ്കോർ വീതം (2 × 2 = 4)**

6. നിലത്തിട്ടു വലിച്ച് നെടുമ്പുരയിലേക്ക് മൊയമ്മതാലിക്കാക്കയെ കൊണ്ടുപോയി; ഓലമടൽ വലിച്ചു കൊണ്ടുപോവുംപോലെ."

അടിവരയിട്ട പ്രയോഗത്തിന്റെ അർഥവ്യാപ്തി കണ്ടെത്തിയെഴുതുക.

7. "മന്നിന്റെ നിലയ്ക്കാത്ത പ്രഹരം സഹിക്കയാൽ
പുണ്ണുകൾ പടർന്നിട്ടുണ്ടാമവന്നും കരൾക്കാമ്പിൽ" (കാളകൾ)

വണ്ടിക്കാരന്റെ ജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് കവി ഇവിടെ നൽകുന്നത്?

8. **അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കി എഴുതുക.**

നഷ്ടപ്പെട്ടുപോയതെല്ലാം പിന്നീടു വാശിയോടെ നേടിയെടുക്കാനായെങ്കിലും ആ പതനകാലം സമ്പത്തിന്റെ വ്യർഥത ഞങ്ങളെ ബോധ്യപ്പെടുത്തിത്തന്നു.

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**4 സ്കോർ വീതം (5 × 4 = 20)**

9. "ഗ്രാമവീഥിയിൽ, നേരം വെളുക്കെ, ക്കുടം പേറി-
ത്താമരക്കുളം നോക്കിക്കന്യമാർ ഗമിക്കുമ്പോൾ" (കാളകൾ)

താമരക്കുളത്തിലേക്ക് കുടവുമായി പോകുന്ന കന്യമാരെക്കൂടാതെ മറ്റെന്തെല്ലാം കാഴ്ചകളാണ് കവി ഗ്രാമവീഥിയിൽ കാണുന്നത്? നിരീക്ഷണക്കുറിപ്പ് തയാറാക്കുക.

10. "ഞങ്ങളുമായി ബന്ധപ്പെട്ട സഹായികളുടെ വളരെ വ്യക്തിപരമായ കാര്യങ്ങളിൽ കൂടി അന്നമ്മ യുടെ സ്നേഹവും കരുതലും നിറഞ്ഞ ഇടപെടലുകൾ ഉണ്ടായിരുന്നു."

(ജീവിതം ഒരു പ്രാർഥന)

സ്നേഹത്തിന്റെയും കരുതലിന്റെയും എന്തെല്ലാം ഓർമ്മകളാണ് ഇവിടെ പങ്കുവയ്ക്കുന്നത്? കുറിപ്പ് തയാറാക്കുക.

11. "മനസ്സിൽ നൈരാശ്യമെഴുന്നവന്നു
മധ്യാഹ്നവും പ്രത്യഹമർധരാത്രം;
ശുഭം പ്രതീക്ഷിപ്പവനേതു രാവും
സൂര്യാംശുദീപ്തം പകൽപോലെതന്നെ"

(വിശ്വം ദീപമയം)

ശുഭാപ്തിവിശ്വാസമാണ് ജീവിതത്തെ പ്രകാശപൂർണമാക്കുന്നത്. ഈ ആശയം കവി അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

12. "കണ്ണുനീർ ചൊരിഞ്ഞീലാ ചുറ്റിലും മിത്രാദികൾ;
വിണ്ണിലായ് വിഷാദത്തിൻ വിലാപം പടർന്നീലാ
തോളത്തു ഘനം തൂങ്ങും കട്ടിലും പേറിക്കൊണ്ടു
കാളകൾ നാലും മാത്രമിഴഞ്ഞു മുന്നേറുന്നു"

(കാളകൾ)

തന്നിരിക്കുന്ന വരികളും കവിതയും പരിശോധിച്ച് മനുഷ്യരെ കാളകളായി സങ്കല്പിച്ചിരിക്കുന്നതിന്റെ ഔചിത്യം പരിശോധിക്കുക.

13. "ഒക്കെ മൊയമ്മതാലിക്കാക്ക മറന്നല്ലോ."

(കളിപ്പാവകൾ)

മൊയമ്മതാലിക്കാക്ക മറന്നുപോയതായി നോവലിസ്റ്റ് സൂചിപ്പിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ്? ലഘുകുറിപ്പ് തയാറാക്കുക

14. "ആർഭാടമായി ജീവിക്കണം എന്ന കൊതിയാണ് കുട്ടികളുമൊത്ത് ഒരു ചെറുപുരയിൽ പാർത്തിരുന്ന ചെറുപ്പക്കാരനെ അഞ്ചെട്ടു കൊലപാതകങ്ങൾക്ക് പ്രേരിപ്പിച്ചത്."

(ആർഭാടത്തിൽനിന്ന് ലാളിത്യത്തിലേക്ക് - എം.എൻ വിജയൻ)

"കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്ക്
ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല"

(ധ്രുവചരിതം- കുഞ്ചൻനമ്പ്യാർ)

രണ്ടു രചനാഭാഗങ്ങളിലെയും ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**6 സ്കോർ വീതം (2 × 6 = 12)**

15.
- 'ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്.'
- 'ഉള്ളവന് ആർഭാടമാകുന്നു സ്വന്തം തെളിവ്.'
- 'മത്സരിക്കുന്ന പാവങ്ങൾ പതുക്കെ പാപ്പരായിത്തീരും.'

(ആർഭാടത്തിൽനിന്ന് ലാളിത്യത്തിലേക്ക്)

മുകളിൽ നൽകിയ സൂചനകളും സമകാലികസംഭവങ്ങളും വിലയിരുത്തി 'ആർഭാടജീവിതവും ആധുനികസമൂഹവും' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക.

16. ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി തുടങ്ങിയവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**നിർഭയ**

– സുഗതകുമാരി

മലയിടിച്ചുവരുന്ന യന്ത്രത്തിന്റെ
വഴിയിൽ നിൽക്കുന്നു കൊച്ചുതുമ്പച്ചെടി.

നെറുകയിൽ മഴമുത്തുകൾ പോലവേ
വെളുവെളെപ്പൂക്കൾ വാരിയണിഞ്ഞവൾ;
അവളെ മൂളിക്കളിച്ചു ചുഴലുന്നു
വെയിൽകുടിച്ചു മിനുത്ത ചിറകുകൾ;
ഇതളിൽ നോവാതെ ചേർന്നുറങ്ങുന്നപോൽ
ഒരു കുരുന്നുശലഭം; ചിരിക്കുന്ന
പുലരി! കാറ്റുകൾ! പൂങ്കിളിപ്പാട്ടുകൾ!

മലയിടിച്ചുവരുന്ന യന്ത്രത്തിന്റെ
വഴിയിൽ നിൽക്കുന്നു കൊച്ചുതുമ്പച്ചെടി;
വഴിയിൽ നിൽപ്പൂ ചമഞ്ഞു തുമ്പച്ചെടി.

17. “മന്സക്കുട്ട്യേന്നു വിചാരിക്ക് കോയസ്സാ.”

“മന്സക്കുട്ട്യാ!” മൂത്താപ്പ പറഞ്ഞു: “ഇതൊന്നും ഓന്റെ സക്തിയല്ല, മന്സന്റെ സക്തിയല്ല. പൂതത്തിന്റെ സക്തിയാണ്. മൂന്ന് മൂർത്തികളാ ഓന്റെ മേത്ത്, അനക്കറിയൂലേ?”

(കളിപ്പാവകൾ)

തന്നിരിക്കുന്ന സന്ദർഭങ്ങളും സമകാലിക സാമൂഹിക മനോഭാവങ്ങളും മുൻ നിർത്തി “അന്ധവിശ്വാസം സാമൂഹികപുരോഗതിക്ക് തടസ്സമാകുന്നുണ്ടോ?” എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.